**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **16-03-2022 - ല്‍ മറുപടിയ്ക്ക്**

**ഭിന്നശേഷി സര്‍ട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴല്‍നാടന്‍ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി സര്‍ട്ടിഫിക്കറ്റുകള്‍ നല്‍കുന്നതിനായുള്ള മെഡിക്കല്‍ ബോര്‍ഡുകള്‍ കൂടുന്നതില്‍ ഏതെങ്കിലും ജില്ലയില്‍ വീഴ്ചകള്‍ ഉണ്ടാകുന്നുണ്ടോ; അറിയിക്കാമോ; | (എ) | കോവിഡ് പശ്ചാത്തലത്തില്‍ കഴിഞ്ഞ 2 വര്‍ഷമായി കൃത്യമായി മെഡിക്കല്‍ ബോര്‍ഡുകള്‍ സംഘടിപ്പിക്കുവാന്‍ കഴിഞ്ഞിട്ടില്ല. നിലവില്‍ സാമൂഹിക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും മെഡിക്കല്‍ ബോര്‍ഡുകള്‍ കൂടി മാര്‍ച്ച് 31-ന് മുന്‍പ് തീര്‍പ്പാക്കുന്നതിന് ജില്ലാ മെഡിക്കല്‍ ഓഫീസര്‍മാര്‍ക്ക് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട് |
| (ബി) | യഥാസമയം മെഡിക്കല്‍ ബോര്‍ഡുകള്‍ കൂടാത്തതിനാല്‍ ഭിന്നശേഷി സര്‍ട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പുതുക്കുന്നതിനും ആനുകൂല്യങ്ങള്‍ ലഭിക്കുന്നതിനും ഭിന്നശേഷിക്കാര്‍ക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികള്‍ വ്യക്തമാക്കാമോ; | (ബി) | കോവിഡ് പശ്ചാത്തലത്തില്‍ കഴിഞ്ഞ 2 വര്‍ഷമായി കൃത്യമായി മെഡിക്കല്‍ ബോര്‍ഡുകള്‍ സംഘടിപ്പിക്കുവാന്‍ കഴിഞ്ഞിട്ടില്ല. നിലവില്‍ സാമൂഹിക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും മെഡിക്കല്‍ ബോര്‍ഡുകള്‍ കൂടി മാര്‍ച്ച് 31-ന് മുന്‍പ് തീര്‍പ്പാക്കുന്നതിന് ജില്ലാ മെഡിക്കല്‍ ഓഫീസര്‍മാര്‍ക്ക് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട് |
| (സി) | കിടപ്പ് രോഗികളായ ഭിന്നശേഷിക്കാര്‍ക്ക് മെഡിക്കല്‍ ബോര്‍ഡ് പരിശോധന നടത്തുന്നതിനും ഭിന്ന ശേഷി സര്‍ട്ടിഫിക്കറ്റുകള്‍ നല്‍കുന്നതിനും പ്രത്യേക സംവിധാനം ഏര്‍പ്പെടുത്തുമോ; വിശദമാക്കാമോ; | (സി) | തീര്‍പ്പാക്കാനുള്ളUDID Card വിതരണം ചെയ്യുന്നതോടൊപ്പം താലൂക്ക് ആശുപത്രികള്‍, സാമൂഹികാരോഗ്യ കേന്ദ്രങ്ങള്‍ എന്നിവ കേന്ദ്രീകരിച്ച് കിടപ്പ് രോഗികള്‍ക്ക് മെഡിക്കല്‍ ബോര്‍ഡ് UDID Card നല്‍കുന്നതിന് എല്ലാ ജില്ലാ മെഡിക്കല്‍ ഓഫീസര്‍മാര്‍ക്കും നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. |
| (ഡി) | ക്ലിപ്ത കാലാവധിയുള്ള ഭിന്നശേഷി സര്‍ട്ടിഫിക്കറ്റുകളുടെ പ്രാബല്യ കാലാവധി ഉചിതമായി ദീര്‍ഘിപ്പിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നിശ്ചിത കാലാവധിയുള്ള സര്‍ട്ടിഫിക്കറ്റുകള്‍ കാലാവധി തീരുന്നമുറയ്ക്ക് പരിശോധന നടത്തി ആവശ്യമെങ്കില്‍ പുതിയ കാര്‍ഡ് വിതരണം ചെയ്യുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍